compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 21
Tuesday, 21st October 2025

1201 തുലാം 4
4th Thulam 1201

1947 ആശ്വിനം 29
29th Aswina 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **42**

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ANU KUMARI I A S)

നമ്പർ DCTVM/13505/2025-B20. 2025 ഒക്ടോബർ 7.

വിഷയം:—ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിൻമേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

വായന:—(1) ശ്രീ. കെ. രഘുനാഥൻ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) തിരുവനന്തപുരം സബ് കളക്ടറുടെ 20-9-2025-ലെ RDOTVM/4373/2025-K2 നമ്പർ കത്ത്.

ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വെ നമ്പർ 347/11, 347/12, 347/14 എന്നിവയിൽപ്പെട്ട വസ്തുവിന് നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർവാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ച് കുറവ് ചെയ്തു നൽകുന്നതിനായി ശ്രീ. കെ. രഘുനാഥൻ വായന (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ റിക്കാർഡുകൾ പ്രകാരം, അപേക്ഷാവസ്തുവിനെ മൂന്നാം ഗണത്തിൽ (Residential plot with Corporation/Municipality/Panchayath Road Access) ഉൾപ്പെടുത്തി ₹ 31,68,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതായി കണ്ടെത്തി. തുടർന്ന് കക്ഷിയുടെ അപ്പീൽ അപേക്ഷയിൻമേൽ, തിരുവനന്തപുരം സബ് കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് വായന (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വെ നമ്പർ 347/11, 347/12, 347/14 എന്നിവയിൽപ്പെട്ട വസ്തു, 5563, 5564, 5566 നമ്പർ തണ്ടപ്പേർ പ്രകാരം ശ്രീ. കെ. രഘുനാഥൻ എന്നയാളുടെ കൈവശത്തിലും കരം തീരുവയിലുമാണെന്നും അപേക്ഷാഭൂമിയുടെ സമാന സമീപ വസ്തുക്കളായി പരിഗണിച്ചിട്ടുള്ള റീസർവ്വെ നമ്പർ 350/8, 350/11, 350/15 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയെ മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 1,20,000 (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ)-ം ആയത് നാളതു വർദ്ധനവോടുകൂടി ആർ ഒന്നിന് ₹ 3,16,800 (മൂന്നു ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ് രൂപ)-ം ന്യായവില നിശ്ചയിക്കാമെന്നും വായന (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് അപ്പീൽ അപേക്ഷയിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 29-9-2025-ൽ നേരിൽ കേൾക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട റിക്കാർഡുകൾ പരിശോധിച്ചതിൻ പ്രകാരവും തിരുവനന്തപുരം സബ് കളക്ടറുടെ വായന (2) റിപ്പോർട്ട് പരിഗണിച്ചും വായന (1) അപ്പീൽ അപേക്ഷയിൻമേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വെ നമ്പർ 347/11, 347/12, 347/14 എന്നിവയിൽപ്പെട്ട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (1) പ്രകാരം ശ്രീ. കെ. രഘുനാഥൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വെ നമ്പർ 347/11, 347/12, 347/14 എന്നിവയിൽപ്പെട്ട വസ്തുവിനെ Residential plot with Corporation/Municipality/Panchayath Road Access എന്ന മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 1,20,000 (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ)-ം ആയത് നാളതു വർദ്ധനവോടുകൂടി ആർ ഒന്നിന് ₹ 3,16,800 (മൂന്നു ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ് രൂപ)-ം ന്യായവില നിശ്ചയിച്ചു ഇതിനാൽ ഉത്തരവാകുന്നു.

Collectorate, (Sd.)
Thiruvananthapuram. *District Collector.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C

See Rule 5(8)

NOTIFICATION

B20-4785/2025 Dated: 17/10/2025

Where it is expedient to publish a notification showing, revised value of land as required under section 28A of the Kerala Stamps Act 1959 read; with Sub Rule (8) of Rule 5 of the Kerala Stamp (Fixation of Fair value of land) Rule 1995, the fair value of land in Resurvey No. 11/27 in Kudappanakunnu village in Thiruvananthapuram Taluk of the Thiruvananthapuram District is hereby fixed finally as shown in the schedule hereto:

S C H E D U LE

Name of District	Name of Taluk	Village and survey no with subdivision	Corporation Muncipality/ Panchayat	Ward	Classification by use	Fair value of the land Already fixed	Revised fair value of land
(1)	(2)	(3)	(4)	(5)	(6)	(7)	(8)
THIRUVANANTHAPURAM	**THIRUVANANTHAPURAM**	**KUDAPPANAKUNNU, RESURVEY NO. 11/27**	**CORPORATION**	**-**	**3**	**19,80,000/- per Are**	**10,56,000/- per Are**

Sd/-
District Collector
Thiruvananthapuram

Note: Use: predominantly-Commercial/Residential/Agricultural (Wet or dry) & others.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ: അനി, പി. എൻ.)

നമ്പർ RDOMVP/1279/2025-A8. 2025 ഒക്ടോബർ 6.

വിഷയം:—ന്യായവില നിർണ്ണയം—ശ്രീ. സഞ്ചു മുഹമ്മദ്, ഇഞ്ചക്കുടി വീട്, ചേലാമറ്റം എന്നയാൾ സമർപ്പിച്ച അപേക്ഷ—ന്യായവില നിർണ്ണയിച്ച് ഉത്തരവാകുന്നു.

സൂചന:—(1) കുന്നത്തുനാട് തഹശീൽദാരുടെ 9-9-2025-ലെ TLKKND/2629/2025-J2 നമ്പർ റിപ്പോർട്ട്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ. ആർ. എ3-54674/2018 നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, ചേലാമറ്റം വില്ലേജ്, ബ്ലോക്ക് 15, റീ സർവ്വെ നമ്പർ 96-ൽ പ്പെട്ട 09.20 ആർ വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിക്കുന്നതിനുവേണ്ടിയാണ് ശ്രീ. സഞ്ചു മുഹമ്മദ്, ഇഞ്ചക്കുടി വീട് എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷാ വസ്തു അപേക്ഷകന്റെയും അങ്കമാലി വില്ലേജ് ടി കരയിൽ കോരൻ തരിയത് മകൻ കെ. ടി. യോഹന്നാൻ എന്നിവർ പേരിൽ കൂട്ടായി 2241 നമ്പർ തണ്ടപ്പേർ നമ്പരിൽ കിടക്കുന്നതാണ്.

റീസർവ്വെ നമ്പർ 96-ൽ പ്പെട്ട 09.20 ആർ അപേക്ഷാ വസ്തു ന്യായവില രജിസ്റ്ററിൽ 'Commercially Important Plot' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 9,00,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതാണ്.

അപേക്ഷാ വസ്തു എം.സി റോഡിൽ നിന്നും ഏകദേശം 50 മീറ്റർ മാറി മുനിസിപ്പൽ റോഡ് ആക്സസ് ആയി സ്ഥിതി ചെയ്യുന്നതാണെന്നും, ടി വസ്തു വല്ലം കവലയിൽ നിന്നും പോകുന്ന വല്ലം റയോൺസ് റോഡിൽ തൊട്ടു ചേർന്ന് തെക്കുഭാഗം ഉദ്ദേശം 1 1/2 മീറ്റർ താഴ്ചയിൽ പുരയിടമായി കിടക്കുന്നതാണെന്നും, ആയതിനാൽ 'Residential Plot with Corp./Munc./Panchayath Road Access' കാറ്റഗറിയിൽ ഉൾപ്പെടുത്തി ആറൊന്നിന് ₹ 2,50,000 ന്യായവില പുനർ നിർണ്ണയിക്കാവുന്നതാണെന്നും തഹശീൽദാർ കുന്നത്തുനാട് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

അപേക്ഷാ വസ്തുവിന് സമാന സ്വഭാവം പുലർത്തുന്ന ബ്ലോക്ക് 15 സർവ്വെ 55-ൽ പ്പെട്ട ഭൂമി അപേക്ഷാ വസ്തുവിന് സമാനമായതും, എം.സി റോഡിൽ നിന്നും മാറി സ്ഥിതി ചെയ്യുന്നതുമാണ്. അപേക്ഷാ വസ്തുവിൽ നിന്നും 120 മീറ്റർ തെക്കു മാറി മുനിസിപ്പൽ റോഡിനോട് ചേർന്ന് കിഴക്കു ഭാഗം 1 1/2 മീറ്റർ താഴ്ചയിൽ കിടക്കുന്നതും ടി സ്ഥലത്തിന് ഫെയർ വാല്യൂ രജിസ്റ്ററിൽ 'Residential Plot with Corp./Muni./Panchayath Road Access' കാറ്റഗറിയിൽ ഉൾപ്പെടുത്തി ആറൊന്നിന് ₹ 2,50,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമാണ്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് (Fixation of Far Value of Land) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച് കുന്നത്തുനാട് താലൂക്ക്, ചേലാമറ്റം വില്ലേജ്, ബ്ലോക്ക് നമ്പർ 15, റീസർവ്വെ 96-ൽ പ്പെട്ട 09.20 ആർ വസ്തുവിനെ 'Plot with Corp./Mun./Panchayath Road Access' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആറൊന്നിന് ₹ 2,50,000 ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ന്യായവില ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതാണ്. സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/Taxes തീയതി 14-11-2014 പ്രകാരം 2010-ൽ നിർണ്ണയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിന് ശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

(*See* Rule 4)

NOTIFICATION

No. RDOMVP/1279/2025-A8/KDis. *6th October 2025.*

Whereas, it is expedient to publish the Fair Value of Land as required under Section 28 (A) of Kerala Stamp Act, 1959 read with Rule (4) of Kerala Stamp (Fixation of Fair Value of Land), Rules, 1995.

Now, therefore, it is hereby made known to the public that the Fair Value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against in the Column (11) thereof.

SCHEDULE

District—Ernakulam. *Taluk*—Kunnathunadu.

Village—Chelamattam. *Desom*—Chelamattam.

Sl. No.	*Sy. No.*	*Sub Division No.*	*Re-Sy. Block*	*Re-Sy. No.*	*Re-Sy. Sub Div. No.*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name and No. of Ward*	*Classification by use*	*Fair Value per Are* ₹
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	..	..	15	96	..	Municipality	Perumbavoor Municipality	..	Residential plot with Corp./Muni./ Panchayath Road Access	2,50,000

Revenue Divisional Office,
Muvattupuzha.

(Sd.)
Revenue Divisional Officer.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

[See Rule 4]

NOTIFICATION

No. RDOPKD/2293/2025-D1 Dated : 14/10/2025

WHEREAS, it is expedient to publish the fair value of land as required under Section 28A of the Kerala Stamp Act, 1959 read with Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/resurvey numbers of the village and taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District: Palakkad Taluk: Palakkad

Village: Elappully 1 Desom: Elappully

Serial Number	Survey Number	Sub Division Number	Re-Survey Block	Re-Survey Number	Re-Survey Sub	Panchayat or Municipality or	Name of Local Body Munici / Corp / Panch	Name and number of Ward	Classification by use	Fair Value per Are	Remarks
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
1	15A/9/2	--	39	903	11	Panchayat	Elappully		"Residential Plot with Corp/Muni/Panch Road Access"	30,000/-	

//Sd//

Revenue Divisional Officer

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

[See Rule 4]

NOTIFICATION

No. RDOPKD/1913/2025-D1 Dated : 16/10/2025

WHEREAS, it is expedient to publish the fair value of land as required under Section 28A of the Kerala Stamp Act, 1959 read with Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/resurvey numbers of the village and taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District: Palakkad Taluk: Palakkad

Village: Tarur 2 Desom: Vavulyapuram

Serial Number	Survey Number	Sub Division Number	Re-Survey Block	Re-Survey Number	Re-Survey Sub	Panchayat or Municipality or	Name of Local Body Munici / Corp / Panch	Name and number of Ward	Classification by use	Fair Value per Are	Remarks
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
	258C /2pt	--	8	330	2	Gramapanchayat	Tarur	9, Thonippadam	"Wet Land"	6,000/-	

//Sd//

Revenue Divisional Officer

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RDOTIR/2193/2024-J1 *2025.10.16*

വിജ്ഞാപനം

പൊന്നാനി താലൂക്ക് പെരമ്പടപ്പ് വില്ലേജ് പെരമ്പടപ്പ് അംശം ചെറുവായ ദേശം സർവ്വെ നമ്പർ 15/1 ൽ ഉൾപ്പെട്ട 4.05 ആർസ് സ്വകാര്യ നി.കെ കുളം എം.എൽ.ആർ ആക്ട് പ്രകാരം പട്ടയ ഭൂമിയായി രജിസ്റ്റർ ചെയ്ത് നികുതി സ്വീകരിക്കുന്നതിന് ശ്രീ.നാലുപുരക്കൽ കുഞ്ഞിമോൻ, S/o അബ്ദുറഹിമാൻ എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കുളം അപേക്ഷകന്റെ പേരിൽ എം.എൽ.ആർ ആക്ട് പ്രകാരം പട്ടയഭൂമിയാക്കി മാറ്റി, രേഖകളിൽ മാറ്റം വരുത്തി, നികുതി സ്വീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളപക്ഷം ഈ നോട്ടീസ് പരസ്യപ്പെടുത്തി 30 ദിവസത്തിനകം താഴെ ഒപ്പുവെച്ച തിരൂർ സബ് കളക്ടർ മുമ്പാകെ രേഖാമൂലം മതിയായ തെളിവുകൾ സഹിതം എഴുതി ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത ദിവസം കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. നിശ്ചിത ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നും ലഭിച്ചില്ല എങ്കിൽ ആർക്കു പരാതി ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്കളക്ടറുടെ കാര്യാലയം ഒപ്പ്/-
തിരൂർ സബ്കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RDOTIR/434/2025-J1 *2025.10.16*

വിജ്ഞാപനം

തിരൂരങ്ങാടി താലൂക്ക് എടരിക്കോട് വില്ലേജ് വാളക്കുളം അംശം ദേശം സർവ്വെ നമ്പർ 138/1 ൽ ഉൾപ്പെട്ട 4.30 ആർസ് സ്വകാര്യ നി.കെ ഭൂമി എം.എൽ.ആർ ആക്ട് പ്രകാരം പട്ടയ ഭൂമിയായി രജിസ്റ്റർ ചെയ്ത് നികുതി സ്വീകരിക്കുന്നതിന് ശ്രീ.കക്കാടൻ സുബ്രമണ്യൻ മുതൽപേർ, S/o കോത അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി അപേക്ഷകരുടെ പേരിൽ എം.എൽ.ആർ ആക്ട് പ്രകാരം പട്ടയഭൂമിയാക്കി മാറ്റി, രേഖകളിൽ മാറ്റം വരുത്തി, നികുതി സ്വീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളപക്ഷം ഈ നോട്ടീസ് പരസ്യപ്പെടുത്തി 30 ദിവസത്തിനകം താഴെ ഒപ്പുവെച്ച തിരൂർ സബ് കളക്ടർ മുമ്പാകെ രേഖാമൂലം മതിയായ തെളിവുകൾ സഹിതം എഴുതി ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത ദിവസം കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. നിശ്ചിത ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നും ലഭിച്ചില്ല എങ്കിൽ ആർക്കു പരാതി ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്കളക്ടറുടെ കാര്യാലയം ഒപ്പ്/-
തിരൂർ സബ്കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'
(See rule 4)
NOTIFICATION

RDOVDK/775/2023-C1 Date : 05/07/2023

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District : Kozhikode Village : Chengottukavu
Taluk : Koyilandy Desom : Elatteri

Serial Number	Survey Number	Sub Division Number	Re-Survey Block	Re - Survey Number	Re-Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body Panchayath / Municipality / Corporation	Name and Number of Ward	Classification by use	*Fair Value per Are
1	2	3	4	5	6	7	8	9	10	
				44	1	Panchayath	Chengottukavu	-	Waterlogged land	21,000/-

** The above mentioned fairvalue does not includes any enhanced value notified by the government.*

(Sd/-)
Revenue Divisional Officer,
Revenue Divisional Office, Vatakara.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അറിയിപ്പ്

നമ്പർ C6-10659/03-TVL. 2025 ഒക്ടോബർ 15.

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തവിഞ്ഞാൽ വില്ലേജിൽ, തിണ്ടുമ്മൽ ദേശത്ത് സർവ്വെ നമ്പർ 68/1B-യിൽ ഉൾപ്പെട്ടുവരുന്ന ഭൂമി ശ്രീ. വെളിയത്ത് ജോർജ്ജ് എന്നയാൾ കൈവശം വെച്ച് വീടുവെച്ചും കൃഷി ചെയ്തും വരുന്നതായും അതുപ്രകാരം ഈ ഭൂമിക്ക് പട്ടയം ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും മാനന്തവാടി താലൂക്ക് ഓഫീസിൽ അപേക്ഷ ലഭിക്കുകയുണ്ടായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണ പ്രകാരം പട്ടയത്തിനുവേണ്ടി അപേക്ഷ നൽകിയ ഭൂമിക്ക് 1968 വർഷത്തിൽ കേരള ഭൂപതിവ് നിയമപ്രകാരം ശ്രീ. അടൂർ ചൗക്ര മേസ്തിരി എന്നയാൾ പേരിൽ DK-528/F68/TVL നമ്പർ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ളതും ഇപ്രകാരം പട്ടയം ലഭിച്ചയാൾ നിയമപ്രകാരം പട്ടയഭൂമി കൈവശം വെയ്ക്കാത്തതിനാൽ ആണ് ഇപ്പോൾ പട്ടയത്തിന് അപേക്ഷിച്ച ശ്രീ. വെളിയത്ത് ജോർജ്ജ് എന്നയാൾ കൈവശപ്പെടുത്തിയതെന്ന് കാണുന്നു. ആയതിനാൽ ഇപ്രകാരമുള്ള പട്ടയ അപേക്ഷയിൽ അനുകൂല നടപടി സ്വീകരിക്കുന്നതിനെതിരെ പ്രസ്തുത ഭൂമിക്ക് മുൻപ് പട്ടയം ലഭിച്ച പതിവുകാർ, ഈ ഭൂമിയുമായി എന്തെങ്കിലും തരത്തിൽ അവകാശബന്ധം സ്ഥാപിച്ചിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങി ആർക്കെങ്കിലും എന്തെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയതിന് വ്യക്തമായ തെളിവുകൾ സഹിതം 15 ദിവസത്തിനുള്ളിൽ മാനന്തവാടി തഹശീൽദാർ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു. ആക്ഷേപങ്ങളോ തെളിവുകളോ നിശ്ചിത തീയതിക്കകം ലഭ്യമാക്കുന്നില്ലെങ്കിൽ പട്ടയ അപേക്ഷയിൻമേൽ ആവശ്യമായ തുടർ നടപടികളുമായി നിയമാനുസൃതം തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

താലൂക്കാഫീസ്, (ഒപ്പ്)

മാനന്തവാടി. തഹശീൽദാർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.21 03:06:48 +05:30